പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2256

04.11.2019-ൽ മറുപടിയ്ക്ക്

ചോദ്യം

ശ്രീ. കെ.ബാബു

മറുപടി

ശ്രീ.പി.തിലോത്തമൻ
(ഭക്ഷ്യവും, പൊതുവിതരണവും, വകുപ്പ് മന്ത്രി)

ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തലംവരെയുള്ള ഓഫീസുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. എന്നാൽ സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ കെൽട്രോൺ മുഖേന പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോയുടെ മറ്റു സ്ഥാപനങ്ങളായ മേഖലാ ഓഫീസുകളിലും ഡിപ്പോ തലത്തിലും ഔട്ട് ലെറ്റുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ആയത് എന്നു മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ആരംഭിക്കുന്നതിനായി http//attendance.gov.in സൈറ്റിൽ ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ 5090/2019/ പൊതുഭരണ വകുപ്പ് തീയതി 30.08.2019 പ്രകാരം സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി ടി യൂണിറ്റുകളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ചെലവ് റവന്യൂ വകുപ്പ് വഹിക്കേണ്ടതാണ് എന്നും വിവിധ ഡയറക്ടറേറ്റുകൾ മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന്റെ മേൽനോട്ടം പൊതു മരാമത്ത് വകുപ്പ് സ്വീകരിക്കേണ്ടതും ആയതിനുള്ള ചെലവ് ടി ഓഫീസ് മേധാവികൾ ആനുപാതികമായി വഹിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ നൽകിയ പ്രൊഫോർമയിൽ |

പൊതു വിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളെ സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്നവ, മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നവ, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിങ്ങനെ കണക്കെടുത്ത് കെൽട്രോണിന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ